# സി ഓ ബി സന്ദേശം

ഗ്രാഹകർ : എല്ലാ പോലീസ് സ്റ്റേഷനുകൾ
സർക്കിൾ/സബ് ഡിവിഷണൽ ഓഫീസർമാർ
ജില്ലാ പോലീസ് മേധാവിമാർ/റെയിഞ്ച്ഐജിപിമാർ
എഡിജിപി (ദക്ഷിണമേഖല)/ഡിജിപി (ഉത്തരമേഖല)
എല്ലാ പോലീസ് കൺട്രോൾ റൂമുകൾ
എല്ലാ ഹൈവേ പെട്രോൾസ്

പ്രേഷിതൻ : ഡിജിപി & സംസ്ഥാന പോലീസ് മേധാവി, കേരളം

നമ്പർ. S2 (a) - 84335/2017/PHQ തീയതി 20/05/2017

വിഷയം: വാഹന പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച്.

സൂചന:
1. എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ. 07/2015 തീയതി 02/06/2015
2. CoB No.U1/123205/PHQ/2015 dated 30/07/2015
3. CoB No.U1/80306/2015/PHQ dated 14/08/2015.

വാഹന പരിശോധന നടത്തുമ്പോൾ കൃത്യമായും പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് മേൽ സൂചനപ്രകാരം നിരവധി നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. സൂചനകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു(.)

പോലീസിനെപ്പറ്റിയുള്ള പൊതുജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരാതി വാഹന പരിശോധന സമയത്തുണ്ടാകുന്ന മേൽ പറഞ്ഞ നിർദേശങ്ങൾ അനുസരിക്കാതെയുള്ള പെരുമാറ്റമാണ്(.) ആയതിനാൽ നിർബന്ധമായും മേൽപ്പറഞ്ഞ നിർദേശങ്ങൾ അനുസരിച്ചും, ഒരു പരിഷ്കൃത മനുഷ്യസമൂഹത്തിന് യോജിച്ച വിധത്തിലുമായിരിക്കണം വാഹന പരിശോധന നടത്തേണ്ടത്(.) ഓരോ പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരുടെയും അധികാരപരിധിയിൽ ഇതിൽ നിന്നും വിരുദ്ധമായി വാഹന പരിശോധന നടക്കുകയാണെങ്കിൽ, അത് അവരുടെ ശ്രദ്ധക്കുറവും, നിരുത്തരവാദപരമായ സമീപനവുമായി കണക്കാക്കുന്നതുമാണ്(.) ഇതുപോലെ ഓരോ ജില്ലാ പോലീസ് മേധാവിമാരും തങ്ങളുടെ അധികാരപരിധിയിൽ മേൽ പറഞ്ഞ നിർദേശങ്ങൾക്ക് വിരുദ്ധമായി, പോലീസിന് അപമാനമുണ്ടാക്കുന്ന തരത്തിലുള്ള വാഹന പരിശോധന രീതികൾ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ് (.)

CoB T...
Sir, Copy Rec... ...er Tx only
(Except Local Delivery)
20 MAY 2017
Time: 1205 Sign: ...

ഡിജിപി & സംസ്ഥാന പോലീസ് മേധാവി, കേരളം